# വിജയപുരം രൂപത
## മെത്രാന്മാരുടെ പതിനാറാമത് സാധാരണ സിനഡ്

- **തിയതി :-2021 ഒക്ടോബറിൽ തുടങ്ങി 2023 ഒക്ടോബർ വരെ**
- **സ്ഥലം :-ലോകത്തിൻറെ അതിർത്തികളിൽ തുടങ്ങി റോം വരെ**
- **പങ്കെടുക്കുന്നവർ:- ജ്ഞാനസ്നാനം സ്വീകരിച്ചു സഭയിൽ അംഗങ്ങളായ എല്ലാവരും വൈദികരോടും മെത്രാന്മാരോടും പാപ്പയോടും ഒപ്പം**
- **വിഷയം :- സിനാഡാത്മക സഭയ്ക്ക് വേണ്ടി കൂട്ടായ്മ, പങ്കാളിത്തം പ്രേഷിതദൗത്യം**
- **ഘട്ടങ്ങൾ :-**
  - **രൂപത തലം 2021 ഒക്ടോബർ 17 മുതൽ 2022 മെയ് 15 വരെ .**
  - **ഭൂഖ ണ്ഡ തലം 2022 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെ**
  - **സാർവത്രിക തലം 2023 ഒക്ടോബർ**

## തിരുസഭ

സഭ സിനഡ് ആണ് ഒരുമിച്ചുള്ള മുന്നേറ്റം മനുഷ്യവർഗ്ഗത്തെ ദൈവസ്നേഹത്തിൽ ഒരുമിച്ചുകൂട്ടി രക്ഷയുടെ പാതയിലൂടെ ദൈവരാജ്യ അനുഭവത്തിലേക്ക് നയിക്കാൻ ദൈവം രൂപപ്പെടുത്തിയ സംവിധാനമാണ് തിരുസഭ. കൂട്ടായ്മയുടെയും രക്ഷയുടെയും ദൈവരാജ്യത്തിന്റെയും കൂദാശയാണെന്ന് ആധുനിക യുഗത്തിൽ സഭയെ ബോധ്യപ്പെടുത്തി സഭയിൽ ആകമാനം നവീകരണത്തിന് തുടക്കമിട്ട സഭയുടെ മഹാ സമ്മേളനമായിരുന്നു രണ്ടാം വത്തിക്കാൻ സൂനഹദോസ് സഭാചരിത്രത്തിലെ ഇരുപത്തിയൊന്നാമത് സാർവത്രിക സൂനഹദോസായിരുന്നു അത് ആ സൂനഹദോസിലൂടെ വെളിപ്പെട്ട ഉൾക്കാഴ്ചകളിൽനിന്ന് പ്രചോദനമുൾക്കൊണ്ട് പോൾ ആറാമൻ പാപ്പാ 1965 ആവിഷ്കരിച്ചതാണ് മെത്രാന്മാരുടെ സിനഡ്. മെത്രാന്മാരുടെ സിനഡിലൂടെ സഭയുടെ പ്രബോധനങ്ങളിലും പ്രവർത്തനങ്ങളിലും കൂട്ടായ്മ അനുഭവത്തിലും നായകത്വത്തിലും അജപാലന ധർമ്മത്തിലും പാപ്പായോട് ചേർന്ന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെത്രാൻന്മാർ പങ്കാളികളാകുന്നു.

## സിനഡുകൾ

1967-ലാണ് ആദ്യത്തെ സിനഡ്.നടന്നത് 2021 ഒക്ടോബറിൽ ആരംഭി ച്ചിരിക്കുന്നത് മെത്രാന്മാരുടെ പതിനാറാമത് സാധാരണ സിന ഡാണ് സാധാരണ സിനഡുകൾ കൂടാതെ മൂന്ന് അസാധാരണ സിനഡുക ളും 11 പ്രത്യേക സിനിമകളും സഭയിൽ നടന്നിട്ടുണ്ട് ഇവകൂടാതെ പ്രത്യേക ആവശ്യം വരുമ്പോൾ വ്യക്തിഗത സഭകളിലും പ്രാദേശിക സഭകളിലും സിനഡ് നടത്താറുണ്ട് അതിനൊരു ഉദാഹരണമാണ് 2019 ലും2021 ലും കാക്കനാട് വച്ച് നടന്ന സീറോ മലബാർ സഭയുടെ സിനഡ്.

### സിനഡ് എന്നപദം

'സിൻ', 'ഹോദോസ്' എന്നീ രണ്ട്ഗ്രീക്ക്പദങ്ങളിൽ നിന്നാണ്സിനഡ് എന്നപദം വരുന്നത്' 'സിൻ' എന്നാൽ ഒരുമിച്ച്, അഥവാ കൂടെ എന്നാണർത്ഥം. ഹോദോസ്

എന്നാൽ വഴി അഥവ യാത്ര എന്നാണർത്ഥം അതിനാൽ സിനഡ് ഒരുമിച്ചുള്ളയാത്രയാണ് ഒരുതീർത്ഥാടനമാണ്. ഒന്ന് ചേർന്നുള്ള മുന്നേറ്റം സഭ ഒരു സിനഡ് ആണ് .ദൈവസ്നേഹത്തിൽ ഒരുമിച്ചുകൂടി ക്രിസ്തുവാകുന്ന പാതയിലൂടെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ദൈവരാജ്യ അനുഭവത്തിലേക്ക് മുന്നേറുന്ന സഭ.

**<u>സിനഡ് ലോഗോ</u>**

വളരെ പ്രതീകാത്മകമാണ് ഈ ലോഗോ **<u>കൂട്ടായ്മ, മുന്നേറ്റം</u>** എന്നീ സിനഡ് സന്ദേശങ്ങളാണ് ലോഗോ തരുന്നത്.

## 1.കൂട്ടായ്മ

**a.** പരിശുദ്ധ ത്രിത്വത്തിലെ കൂട്ടായ്മ: ലോഗോയിലെ വൃക്ഷം പിതാവായ ദൈവത്തെയും തിളങ്ങി പ്രശോഭിക്കുന്ന സൂര്യൻ പുത്രനായ ദൈവത്തെയും തീനാളങ്ങൾ പരിശുദ്ധാത്മാവായ ദൈവത്തെയും സൂചിപ്പിക്കുന്നു

**B, ആകാശത്തെയും ഭൂമിയുടേയും കൂട്ടായ്മ**

ആകാശത്തിലെ സൂര്യനും ഭൂമിയിലെ വൃക്ഷവും ഒന്നുചേരുന്നു

**C. രക്ഷാകര ചരിത്രത്തിലെ കൂട്ടായ്മ**

ലോഗോയിലെ വൃക്ഷം ജീവന്റെ വൃക്ഷത്തെ പ്രതിനിധാനം ചെയ്യുന്നു. രക്ഷാകര ചരിത്രത്തിലെ തുടക്കത്തിലും (ഉല്പത്തി 3 ; 22 -24) മധ്യത്തിലും (കുരിശ്)അന്ത്യത്തിലും (വെളിപാട്22:-2) കാണാനാവും. ജീവ വൃക്ഷത്തിന്റെ കനിയാണ് ദിവ്യകാരുണ്യത്തിന് പ്രതീകമായ സൂര്യൻ. കുരിശിൽ യേശുവിന്റെ തലയും ഉടലും കരങ്ങളും ലോഗോയിൽ വ്യക്തമാണല്ലോ. വെളിപാട് 22 കാണുന്ന ജീവവൃക്ഷവും ലോഗോയിൽവെളിപ്പെടുന്നുണ്ട്

**D. സഭയിലെ കൂട്ടായ്മ**

ലോഗോയിലെ വൃക്ഷം സഭയുടെയും പ്രതീകമാണ് മുന്തിരിച്ചെടിയും ശാഖകളും (യോഹന്നാൻ15) സഭയുടെ അടിസ്ഥാനവും കേന്ദ്രവും മകുടവുമായി നിലകൊള്ളുന്ന ദിവ്യബലി ആണ് വൃക്ഷം എന്ന കാസയിലൂടെയും അതിന്റെ മുകളിലെ ദിവ്യകാരുണ്യത്തിലൂടെയും വെളിവാകുക. ലോഗോയിലെ 15 നിഴൽ ചിത്രങ്ങളും കൂട്ടായ്മയുടെ പ്രതീകങ്ങളാണ് അതിലെ മെത്രാനും സന്യസ്ത യും ശുശ്രൂഷകരും ദമ്പതികളും ആരോഗ്യപ്രവർത്തകരും സഭയിലെ കൂട്ടായ്മയെ ഓർമ്മപ്പെടുത്തുന്നു നോഹയുടെ കാലത്ത് ആകാശത്ത് തെളിഞ്ഞ മഴവില്ലിനെ ഓർമ്മപ്പെടുത്തുന്ന വിവിധ വർണ്ണങ്ങൾ രക്ഷയുടെ ഉടമ്പടിയും അത് നമ്മിൽ നിറയ്ക്കുന്ന സന്തോഷത്തെയും ശ്രദ്ധയിൽ കൊണ്ടു വരുന്നു ഏഴുനിറങ്ങളിലുള്ള ആ നിഴൽചിത്രങ്ങൾ ലോകത്തിലുള്ള ഏഴു ഭൂഖണ്ഡങ്ങളിലും വസിക്കുന്ന

വിവിധ വർഗങ്ങളിലും വർണ്ണങ്ങളിലും ഭാഷകളിലും പെട്ട മനുഷ്യവർഗ്ഗത്തെ മുഴുവൻ സൂചിപ്പിക്കുന്നു അവരിൽ സ്ത്രീകളും പുരുഷന്മാരും ആരോഗ്യ ശുശ്രൂഷകരും രോഗികളും എല്ലാമുണ്ട് അവിടെ മെത്രാനും സന്യസ്ത യും ജനത്തിന് മുന്നിലോ പിറകിലോ ശ്രദ്ധയിലോ അല്ല ഇടയിൽ ജനത്തോട് ചേർന്നാണ് നിൽക്കുന്നത് അവിടെ കുട്ടികളാണ് സമൂഹത്തെ നയിക്കുന്നത് എല്ലാം സവിശേഷ സഭയുടെ കൂട്ടായ്മയെ സൂചിപ്പിക്കുന്നു.

## 2.മുന്നേറ്റം

**A.** വൃക്ഷം മുന്നോട്ടു ചാഞ്ഞാണ് നിൽക്കുന്നത് അതിന്റെചുവട്ടിൽനിന്നും തണലിൽ നിന്നും അതിൽ നിന്നുവരുന്ന ജീവവായു ഉൾക്കൊണ്ടാണ്


**B.** ജനം മുന്നേറുന്നത്. ജനവും മുന്നേറുകയാണ് ഒരുമിച്ച്, ശാന്തമായി, പരസ്പരം, സ്നേഹിച്ചും, ശുശ്രൂഷിച്ചും സഹായിച്ചും.

**C.** ജനത്തിന്റെ മുന്നേറ്റം സിനഡന്റെ പാതയിലൂടെ യും ടൈംടേബിൾ അനുസരിച്ചും ആണ് .സിനഡിന്റെ പാത കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നിവയാണ്സിനഡിന്റെ ടൈംടേബിൾ 2021 ആരംഭിച്ച് 2023 പൂർണ്ണമാകുന്നു.

**D.**വടിയും കൈയ്യിലേന്തി നിൽക്കുന്ന മെത്രാൻ സഭയെ നയിക്കുന്ന നല്ല ഇടയനെ സൂചിപ്പിക്കുന്നു. ഇടയന്മാർ ആയിരുന്ന അബ്രഹാം, മോശ, ദാവീദ് എന്നിവരേയും നല്ല ഇടയൻ തന്നെയായ യേശുവിനെയും ശ്രദ്ധയിൽ കൊണ്ടു വരുന്നു. ദൈവ ജനത്തെ ഒരുമിച്ചു കൂട്ടി മുന്നോട്ട് നയിക്കുന്നവരാണ് സഭയിലെ ഇടയന്മാർ.

## സിനഡന്റെ വിചിന്തനപ്രമേയം

**സിനാഡാത്മക സഭയ്ക്കായി കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിത ദൗത്യവും എന്നതാണ് സിനഡന്റെ വിചിന്തനപ്രമേയം**




## കൂട്ടായ്മ

നാം രൂപതയിലെ വിവിധയിടങ്ങളിലായി ചിതറ കിടക്കുകയാണെങ്കിലും ദൈവത്തിൽനാം ഒന്നാണ് ദൈവം നമ്മെ ഒന്ന് ചേർക്കുന്നു. എല്ലാവരും ഒരേ പോലെ ആവുകയല്ല പരസ്പരം അറിഞ്ഞും അംഗീകരിച്ചും ആദരിച്ചും യേശുവിനെ അനുസരിച്ചും അനുകരിച്ചും അനുഗമിച്ചും ഒരുമിച്ച് മുന്നേറുകയാണ് വേണ്ടത്. എല്ലാ വ്യത്യാസങ്ങളെ യും

വേർതിരിവുകളെ യും കാൾ ശക്തമാണ് ദൈവം നമ്മിൽ ചൊരിയുന്ന സ്നേഹവും ഉളവാക്കുന്ന ഐക്യവും നമ്മുടെ തനി മകളുടെയും വ്യത്യസ്തതകളുടെ യും ഇടയിൽ നാം ഒരേജ്ഞാനസ്നാനത്തിലൂടെ ക്രിസ്തുവിനെ ശരീരമായി ഒന്നാ ക്കപ്പെട്ടു. പരിശുദ്ധ ത്രിത്വത്തിൽ വിശ്വസിക്കുന്ന നാം ആത്മീയ തലത്തിലും സാർവത്രിക സഭാ തലത്തിലും രൂപതാ തലത്തിലും ഇടവക തലത്തിലും കുടുംബകൂട്ടായ്മ (ബിസിസി) തലത്തിലും കുടുംബത്തിലും കൂട്ടായ്മയാണ്

**പങ്കാളിത്തം**

ലോകത്തെ ദൈവരാജ്യമായി പരിവർത്തനപ്പെടുത്താൻ വേണ്ടിയുള്ള സഭയുടെ പ്രവർത്തനങ്ങളിൽ എല്ലാവരെയും ഉൾപ്പെടുത്തണം.സഭയിൽ അംഗങ്ങളായിട്ടുള്ള എല്ലാവരെയും മാറി നിൽക്കുന്നവരെയും മാറ്റിനിർത്തപ്പെട്ട വരെ പോലും ഉൾപ്പെടുത്തണം അന്യ സഭകളിൽ ഉള്ളവരെയും അന്യ മതങ്ങളിൽ ഉള്ളവരെയും അവിശ്വാസികളെ പോലും നാം ഉൾപ്പെടുത്തണം.ദരിദ്രരെയും അനാഥരെയും അവഗണനയും വികലത യും രോഗവും പീഡയും അനുഭവിക്കുന്ന പുരുഷന്മാരെയും സ്ത്രീകളെയും യുവാക്കളെയും ബാലകരേയും ശിശുക്കളെ പോലും ഉൾപ്പെടുത്തണം ആരാധനക്രമത്തിൽ എല്ലാവരുടേയും സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കണം നാം പലർ എങ്കിലും ക്രിസ്തുവിൻറെ ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെ ഓരോരുത്തരും അവരവരുടെ കടമകളും ദൗത്യങ്ങളും നിറവേറ്റി നാം സഭയുടെസാമൂഹികവും രാഷ്ട്രീയവും വിദ്യാഭ്യാസപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളിൽ പങ്കാളികളാകണം നാമെല്ലാവരും സഭയുടെ പ്രവർത്തനങ്ങളിൽ ഉത്തരവാദിത്വത്തോടെ സജീവമായും ആത്മാർത്ഥതയോടും പങ്കുചേരണം ആരെയും മാറ്റി നിർത്തരുത് ആരും മാറ്റിനിർത്തപ്പെട്ട രുത്

പ്രേഷിതദൗത്യം

പ്രേക്ഷിത പ്രവർത്തനം നടത്താൻ അനാദി മുതൽ ദൈവവ ജ നത്തിലെ ഓരോ അംഗത്തെയും പരിശുദ്ധാത്മാവ് ദാനങ്ങളാലും ഫലങ്ങളാലും വരങ്ങളാലും നിറച്ചിട്ടുണ്ട്. സഭയുടെ ദൗത്യ നിർവഹണത്തിൽ ഓരോ ക്രൈസ്തവനും തന്റെ പ്രത്യേക പങ്ക് വഹിക്കേണ്ടതുണ്ട്. ക്രിസ്തുവിന്റെ മൗതിക ശരീരം പടുത്തുയർത്തുവാൻ ഉള്ള സജീവ ശിലയാണ് ഓരോ ക്രൈസ്തവനും മാനവസമൂഹത്തിൻറെ എല്ലാ തുറകളിലും സ്ഥലങ്ങളിലേക്കും സുവിശേഷം എത്തിക്കാൻ അല്മായർക്ക് കടമയുണ്ട് സുവിശേഷത്തിന്റെ സന്തോഷത്തിൽ നിന്ന് ആരെയും ഒഴിച്ച് നിർത്തരുത്. പ്രേക്ഷിതർ എന്ന നിലയിൽ നാം ലോകത്തിന്റെ പുളിമാവ് ആണ്. നമ്മുടെ സാന്നിധ്യത്തിൽ ലൂടെയും ബന്ധങ്ങളിലൂടെ യും പ്രഘോഷണ ത്തിലൂടെ യും പ്രവർത്തനങ്ങളിലൂടെയും ലോകം മുഴുവൻ ദൈവരാജ്യം വ്യാപിപ്പിക്കണം നമ്മുടെ ലോകത്തെ ദൈവരാജ്യം ആയി രൂപാന്തരപ്പെട്ടു ത്ത ണം

## സിനഡിന്റെ പ്രത്യേകതകൾ

**മറ്റ് സിനഡുകളിൽ നിന്ന് വ്യത്യസ്തമായി ഇപ്പോൾ നടന്നുവരുന്ന സിനഡിന് 8 പ്രത്യേകതകളുണ്ട്.**

**1.മെത്രാന്മാരുടെ സിനഡ് എന്നതിനേക്കാൾ സഭയുടെ സിനഡാണിത്**.

മെത്രാന്മാർ മാത്രമല്ല ജ്ഞാനസ്നാനം സ്വീകരിച്ച സഭയുടെ അംഗങ്ങൾ ആയിത്തീർന്ന എല്ലാവരും ഇതിൽ അംഗങ്ങളാണ്. തങ്ങളാണ് സഭയെന്നും സഭയുടെ സംഭാഷണങ്ങളിലും തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലുംപ്രേഷിത ദൗത്യ നിർവഹണത്തിലും തങ്ങൾ ഓരോരുത്തരും പങ്കാളികളാണെന്ന് ബോധത്തോടെ ഏവരും സിനഡിൽ പങ്കുചേരുന്നു.

**2 ഒരു സംഭവം എന്നതിനേക്കാൾ ഒരു പ്രക്രിയയാണ്** .

ഇതുവരെ വത്തിക്കാനിൽ വച്ച് നടക്കുന്ന ഒരു സമ്മേളനമായിരുന്നു സിനഡ്. അതിന് മുന്നൊരുക്കങ്ങൾ നടത്തിയിരുന്നെങ്കിലും സാധാരണ സിനഡിൽ മൂന്ന് ആഴ്ചകളിലും അസാധാരണ സിനഡിൽ രണ്ടു ആഴ്ചകളിലും നീണ്ടുനിൽക്കുന്ന മെത്രാന്മാരുടെ ആലോചന സമ്മേളനമായിരുന്നു അത്. എന്നാൽ പതിനാറാമത് സിന ഡോ 2023 ഒക്ടോബറിലാണ് പൂർത്തിയാകുന്നത് എങ്കിലും 2021 ഒക്ടോബർ 9 ,10 തിയ്യതികളിലായി സാർവത്രിക സഭയിലും, ഒക്ടോബർ 17-)0 തിയതി എല്ലാ രൂപതകളിലും തുടങ്ങിക്കഴിഞ്ഞു.

**3 താഴെ നിന്ന് മുകളിലേക്ക് :**

ഇതുവരെയുള്ള സിനഡുകൾക്കു വിഷയവും മാർഗനിർദേശവും നാൾവഴികളും നൽകപ്പെട്ടത് മുകളിൽ നിന്നാണ് . എന്നാൽ ഈ സിനഡിൽ എല്ലാം ആരംഭിക്കുന്നത് താഴെ തട്ടിൽ നിന്നാണ് വ്യക്തികളിൽ തുടങ്ങി കുടുംബങ്ങളിലൂടെ ,കുടുംബ കൂട്ടായ്മകളിലൂടെ ,ഇടവകകളിലൂടെ രൂപതകളിലൂടെ സംസ്ഥാനങ്ങളിലൂടെ രാജ്യങ്ങളിലൂടെ ഭൂഖ ണ്ഡങ്ങളിലൂടെ സാർവത്രിക സഭയിൽ എത്തിനിൽക്കുന്ന രീതിയിലാണ് സിനഡിന്റെ മുന്നേറ്റം . ശ്രവിക്കുക സംഭാ ഷി ക്കുക വിചിന്തനം ചെയ്യുക വിവേചിച്ചറിയുക തീരുമാനങ്ങളെടുക്കുക ,പ്രവർത്തിക്കുക എന്നീ ഘട്ടങ്ങളിലൂടെയാണ് ഓരോ തലത്തിലും മുന്നേറുക.

**4 പ്രത്യേക വിഷയങ്ങൾ ഇല്ല എന്നത് തന്നെയാണ് ഈ സിനഡി ന്റെ വിഷയം** .

വിഷയം എന്നുപറയാനാവില്ല വിഷയം എന്നത് ഒരു ആശയമാണ്, എന്നാൽ സിനഡ് എന്നതോ ഒരു അനുഭാവവും, ഇതുവരെ സിനഡുകൾക്ക് ഒരു വിഷയം ഉണ്ടായിരുന്നു. ഉദാഹരണം ദിവ്യകുർബാന, ബൈബിൾ, യുവജനങ്ങൾ ,കുടുംബം ....എന്നാൽ ഈ സിനഡിൽ അനുഭവത്തിനാണ് പ്രാധാന്യം. **ഒരുമിച്ചുള്ള മുന്നേറ്റം** 2023ലെ സിന ഡോടെ അവസാനിക്കുന്നതല്ല സിന ഡിലെ എല്ലാ തലങ്ങളിലും ,തുറകളിലും എല്ലാ അംഗങ്ങളും ജീവിക്കുന്ന ,സ്നേഹിക്കുന്ന, പ്രവർത്തിക്കുന്ന ,ദൗത്യം നിറവേറ്റുന്ന പാതയാണ് ഈ സിനഡ് ഏവരെയും പരിശീലിപ്പിക്കുന്നത്

**5.ഹയർരാർക്കികം എന്നതിനേക്കാൾ സിനഡാത്മകം**

സഭയുടെ നിലവിലുള്ള ഘടന ഹയരാർക്കികമാണ് സഭയിലെ അംഗത്വവും പങ്കാളിത്തവും വിവിധ തട്ടുകളിലായി കാണുന്ന രീതിയാണ് ഹയരാർക്കികം. സഭയുടെ ദൃശ്യ ഘടകത്തിൽ ഏറ്റവും മുകളിൽ പാപ്പ, അതിനുതാഴെ കർദ്ദിനാൾമാരും മെത്രാന്മാരും അതിനുതാഴെ വൈദികർ, സന്യസ്തർ ഏറ്റവും താഴെ , അല്മായർ എന്ന രീതിയിലാണ്.എന്നാൽ അല്മായർ സഭയുടെ ഏറ്റം താഴെത്തട്ടിലല്ല. സഭ തന്നെയാണ് എന്ന ബോധമാണ് രണ്ടാംവത്തിക്കാൻ സൂനഹദോസിൽ ഉയർന്നുവരാൻ തുടങ്ങിയത്,

ആ ചിന്താഗതിയിൽ എല്ലാവരും തന്നെ ഒരേ തലത്തിൽ ആണ്. മുകളിൽ, മുകളിൽ എന്നതിനേക്കാൾ ചുറ്റും ചുറ്റും നിൽക്കുന്നു.മേലധികാരം ചെലുത്തി കൊണ്ടല്ല പരസ്പരം സഹോദരനായി കണ്ടുകൊണ്ട് പരസ്പരം സ്നേഹത്തോടും എളിമയോടും ശുശ്രൂഷിച്ചു കൊണ്ട് അവിടെ പാപ്പാ സ്വയം കാണുന്നത് കർത്താവിന്റെ ശുശ്രൂഷകരുടെ ശുശ്രൂഷകനായിട്ടാണ്(SERVUS SERVORUM DEI)

**6.പൗരോഹിത്യ ആധിപത്യ ചിന്താഗതിയിൽ നിന്ന് പൗരോഹിത്യ ശുശ്രൂഷ ചിന്താഗതിയിലേക്ക്.**

ചരിത്രഗതിയിൽ സാമ്രാജ്യത്വ മനോഭാവങ്ങ ളുടെ സ്വാധീനത്തിൽ സഭയിലെ അധികാരം യേശുവിന്റേതിൽ നിന്ന് വ്യത്യസ്തമായി മേധാവിത്വ ചിന്താഗതിയിലായി(Mk 10-42-45) .സഭയിലെ യഥാർത്ഥ അംഗങ്ങൾ (അൽമായർ ) സഭയിൽ വെറും സ്വീകർത്താക്കൾ മാത്രമായി നിലകൊണ്ടു. സ്വന്തമായി ചിന്തിക്കാനോ തീരുമാനം എടുക്കുവാനോ, സർഗ്ഗാത്മകത യോടെ പ്രവർത്തിക്കാനോ സാധിക്കാതെ സഭയിൽ വെറും കാണികളും,പ്രാർത്ഥിക്കുന്നവരും,അനുസരിക്കുന്നവരും, പിരിവു കൊടുക്കുന്നവരും മാത്രമായി നിലകൊണ്ടു. ആ അവസ്ഥയിലാണ് സിനഡിലൂടെ വലിയപരിവർത്തനം വരുന്നത്. സഭയിൽ ഇനിമേൽ മേൽഅധികാരമില്ല കൂട്ടുത്തരവാദിത്വവും ശുശ്രൂഷകളുമേയുള്ളൂ. ജ്ഞാനസ്നാനം സ്വീകരിച്ചത് മുതൽ ഏവരും സഭയിലെസജീവ അംഗമാണ് .സഭയിലെ സംഭാഷണങ്ങളിലും തീരുമാനങ്ങളിലുപ്രവർത്തനങ്ങളിലുംപങ്കാളിയാണ് .സഭയിലെ പ്രേക്ഷിത ദൗത്യം നിറവേറ്റുന്നതിൽസഹ കാരിയാണ്

**7.കേന്ദ്രീകൃത ചിന്താഗതിയിൽ നിന്ന് വികേന്ദ്രീകൃത ചിന്താഗതിയിലേക്ക്**

സഭയിൽ പൊതുവേ കേന്ദ്രീകൃത ചിന്താഗതിയാണ് പുലരുന്നത് പാപ്പാഎന്തു പറഞ്ഞു, മെത്രാൻ എന്തു പറഞ്ഞു, വൈദികർ എന്തു പറഞ്ഞു എന്നത് മാത്രം പരിഗണിച്ചുകൊണ്ടുള്ള രീതിയാണത്. അത് സഭയിൽ ഐക്യം നിലനിർത്താൻ സഹായിച്ചു എന്ന് വരും .എന്നാൽ ദൈവാനുഭവം പകരാൻ ഉപകരിച്ചു എന്നുവരില്ല കാരണം ദൈവമക്കൾ എന്ന രീതിയിലും ക്രിസ്തുശിഷ്യർ എന്ന നിലയിലും പരിശുദ്ധാത്മാവിൻറെ ആലയങ്ങൾ എന്ന നിലയിലും എല്ലാവരും ഒരുപോലെ എങ്കിലും സഭാ തനയർ എന്ന നിലയിലും മാനവ കുടുംബത്തിലെ അംഗമെന്ന നിലയിലും ഓരോരുത്തരും വ്യത്യസ്തരാണ്. തനിമഉള്ളവരാണ് വ്യത്യസ്തതയിൽ ഏകത്വം എന്നതാണല്ലോ പരിശുദ്ധത്രിത്വം പോലും നമ്മെ പഠിപ്പിക്കുന്നത് അതിനാൽ ഓരോ സ്ഥലത്തിനും സമയത്തിനും ,വർഗ്ഗത്തിനും, വർണ്ണത്തിനും വ്യക്തിത്വത്തിനും അനുസൃതമായി വിശ്വാസത്തെയും വചനത്തെയും പ്രാർത്ഥനയെയും പ്രമാണങ്ങളെയുംഅവതരിപ്പിക്കാൻ സാധിക്കണം .എല്ലാം ഏകീകരിക്കണമെന്ന തത്രപ്പാടിൽവ്യക്തിത്വങ്ങളുംവ്യതിരക്തതകളും തനിമകകളും വിസ്മരിക്കപ്പെടരുത്, അവഗണിക്കപ്പെടരുത്.

**8.നേടുക പരിരക്ഷിക്കുക എന്ന ചിന്താഗതിയിൽ നിന്ന് കൊടുക്കുകപങ്കുവയ്ക്കുക എന്ന ചിന്താഗതിയിലേക്ക്**

മനുഷ്യൻ പക്വത പ്രാപിക്കുന്നത് കൊടുക്കാൻ തുടങ്ങുമ്പോഴാണ് പങ്കുവയ്ക്കുമ്പോ ഴാ

ണ്.മനുഷ്യവർഗ്ഗത്തെ പകdതയുടെ പാഠം പഠിപ്പിച്ചവ നാണ് യേശുഅവിടുന്ന് എല്ലാം പങ്കുവെച്ചു. തന്റെ സമയവും ,സമ്പത്തും ,കഴിവുകളും, ബന്ധങ്ങളും വിജ്ഞാനവും, ചൈതന്യവും, ശരീരവും രക്തവും പോലും. യേശുവിന്റെ ആ ചിന്താഗതിയാണ് ദിവ്യബലി യിലൂടെയും ദൈവ വചനത്തിലൂടെ യും സ്നേഹ കൂട്ടായ്മയിലൂടെ യും പകരപ്പെടുക. കുടുംബത്തിലും കൂട്ടായ്മയിലും ആദിമസഭയിൽ എന്നവണ്ണംകൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതദൗത്യവും പുലർന്നാ ലേ യഥാർത്ഥ ക്രൈസ്തവജീവിതം- സിനഡാലിറ്റി -സാധ്യമാകു

## സിനഡും രക്ഷാകര ചരിത്രവും

രക്ഷാകര ചരിത്രം സിനഡുകളുടെ പരമ്പരയാണ്. ജനതകളുടെ പിതാവാകാൻ വിളിക്കപ്പെട്ട അബ്രഹാം തന്റെ പ്രിയപ്പെട്ടവരെ ഒരുമിച്ചുകൂടി ദൈവം കാണിച്ച് ദേശത്തേക്ക് യാത്ര ചെയ്തതാണ് രക്ഷാകര ചരിത്രത്തിൻറെ തുടക്കം. തുടർന്ന് ജനതകളുടെ വിമോചകൻ ആകാൻ വിളിക്കപ്പെട്ട മോശ അടിമകളായി ഈജിപ്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ ജനത്തെ ഒരുമിച്ചുകൂട്ടി വാഗ്ദത്ത ഭൂമിയിലേക്ക് യാത്രയായി. ജനതകളുടെ രാജാവാകാൻ വിളിക്കപ്പെട്ട ദാവീദ് ഇസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളെ യും ഒരുമിച്ചുകൂട്ടി ഇസ്രായേൽ സാമ്രാജ്യം സ്ഥാപിച്ചു. ബാബിലോൺ പ്രവാസം കഴിഞ്ഞപ്പോൾ എസ്രാ യും നെഹമിയ യും ചേർന്ന് ബാബിലോണിൽ ചിതറിപ്പോയ യഹൂദരെ തിരികെ ജറുസലേമിലേക്ക് ആനയിച്ച് ദൈവജനത്തെ പുരോഹിതജനമായി പുതുക്കിപ്പണിതു. പുതിയ നിയമത്തിൽ രക്ഷകനായി ലോകത്തിലേക്ക് കടന്നു വന്ന ദൈവപുത്രനായ യേശു മനുഷ്യവർഗ്ഗത്തെ തന്നിൽ ഒരുമിച്ചുകൂട്ടി ദൈവ രാജ്യത്തിലേക്ക് ആനയിച്ചു തുടർന്ന് യേശു ശിഷ്യന്മാരിലൂടെ പെന്തക്കുസ്താ നാളിൽ തുടങ്ങി ദൈവജനത്തെ നാനാ ദിക്കിൽ നിന്നും ഒരുമിച്ചുകൂട്ടി ദൈവ രാജ്യത്തിലേക്ക് ആനയിക്കുന്നു

## സിനഡും സഭയും

ജറുസലേം കൗൺസിൽ തുടങ്ങി സഭയിലെ സാമൂഹികവും വിശ്വാസപരവും അജപാലനവും ആയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സഭാധികാരികൾ ഒരുമിച്ചു കൂടിയിട്ടുണ്ട്. കൗൺസിൽ എന്നും സിനഡ് എന്നും ആ കൂട്ടായ്മകളെ വിളിച്ചിട്ടുണ്ട്. രണ്ടു വാക്കിൻറെയും അർത്ഥം ഏകദേശം ഒന്നുതന്നെ. സിനഡ് എന്നത് ഗ്രീക്ക് പദവും കൗൺസിൽ എന്നത് ലത്തീൻ പദവും ആണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ സഭയിലെ ഇരുപത്തിയൊന്നാം സാർവത്രിക സൂനഹദോസ് ആണ് .അതേ തുടർന്നാണ് ലത്തീൻ സഭയിൽ മെത്രാന്മാരുടെ സിനഡ്സവിശേഷമായി ആരംഭിച്ചത്

## സിനഡാ ത്മക സഭയുടെ 10 പ്രത്യേകതകൾ

1.പരിശുദ്ധത്രിത്വത്തിന്റെകൂട്ടായ്മയിൽക്രിസ്തുവിന്റെശരീരമായിപരിശുദ്ധത്മാവ് നയിക്കുന്നപാതയിലൂടെദൈവരാജ്യഅനുഭവത്തിലേക്ക്നീങ്ങുന്നസഭ.

2.ഏവരെയുംഹൃദയംകൊണ്ട്ശ്രവിക്കുന്നസഭ.

3.തുറവോടെസംസാരിക്കാൻഏവരെയുംധൈര്യപ്പെടുത്തുകയുംപ്രോത്സാഹിപ്പിക്കുക യുംചെയ്യുന്നസഭ.

4.ആരാധനക്രമത്തിലൂടെദൈവത്തോടുംപരസ്പരവുംസംഭാഷണംനടത്തുകയുംപങ്കുവെയ്ക്കുകയുംചെയ്യുന്നസഭ.

5.എവരോടുംപരിശുദ്ധത്മവിനോടുംസഭാമക്കളോടുംഅന്യസഭയിലോവിശ്വാസത്തിലോപെട്ടവരോടുംഅഗതികളോടുംആശ്രിതരോടുംകുട്ടികളോടുംമുതിർന്നവരോടുംഅവഗണിക്കപ്പെട്ടവരോടുംതുറവ്കാട്ടുന്നസഭ

6.കൂട്ടുത്തരവാദിത്തത്തോടെനായകത്വംപുലർത്തുന്ന സഭ .

7.ആലോചനയിലൂടെയും വിവേചിക്കലിലൂടെയും തീരുമാനമെടുക്കുന്ന സഭ.

8.ഓരോരുത്തരുടെയുംകഴിവുകളുംസിദ്ധികളുംസാധ്യതകളുംകണ്ടറിഞ്ഞുഅതിനനുസരിച്ചുഓരോരുത്തരെയുംഉത്തരവാദിത്തമേൽപ്പിക്കുന്നസഭ.

9.ആരെയുംഅടിമപ്പെടുത്താതെആരുടെമേലുംഅധികാരംഅടിച്ചേൽപ്പിക്കാതെഎവരോടുംസമത്വത്തോടുംസഹോദര്യത്തോടുംപെരുമാറുന്നസഭ.

10.അൽമായരും,സന്യസ്തരുംഎകസ്ഥരുംതിരുപ്പട്ടംസ്വീകരിച്ചവരുംആരുടെമേലുംമേൽക്കോയ്മപുലർത്താതെഎല്ലാവരോടുംഒരേപിതാവിന്റെമക്കളെന്നനിലയിൽ കൂട്ടുത്തരവാദിത്വത്തോടും ഒരേ ക്രിസ്തുവിന്റെ ശിഷ്യർഎന്നനിലയിൽ ഒരേ പരിശുദ്ധത്മാവിന്റെ ഉപകരണങ്ങൾ എന്നനിലയിൽ പരസ്പര ആദരവോടും അംഗീകാരത്തോടുംബഹുമതിയോടുംഇടപെടുന്നസഭ

**ശ്രവിക്കപ്പെടുകയും ശ്രദ്ധിക്കപ്പെടുകയുംചെയ്യേണ്ടവർ**

- അല്മായർ
- സന്യസ്തർ
- ന്യൂനപക്ഷങ്ങൾ, അവഗണിക്കപ്പെട്ടവർ, അകറ്റിനിർത്തപ്പെട്ട വർ, പുറന്തള്ളപ്പെട്ടവർ പുറത്തു നിൽക്കുന്നവർ.
- ശരിയായി ശ്രമിക്കുന്നതിൽ നിന്ന് തടസ്സപ്പെടുത്തുന്ന മുൻവിധികളെയും തെറ്റിദ്ധാരണകളെ യും തെറ്റായ പാരമ്പര്യങ്ങളെയും തിരിച്ചറിഞ്ഞു തള്ളിക്കളയുക
- നാം ജീവിക്കുന്ന നമ്മെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സാമൂഹിക സാംസ്കാരിക രാഷ്ട്രീയ സാമ്പത്തിക വിദ്യാഭ്യാസ പരമായ ചുറ്റുപാടുകളെയും പശ്ചാത്തലങ്ങളെയും തിരിച്ചറിഞ്ഞ് പ്രതികരിക്കുകയും ചെയ്യുന്നു ണ്ടോ? എന്നറിയുക

**സിനഡ് പ്രക്രിയയിലെ10 ഘട്ടങ്ങൾ**

- ഒരുമിച്ചു കൂടൽ കണ്ടുമുട്ടൽ
- പ്രാർത്ഥന ദൈവവുമായുള്ള സംഭാഷണം
- ശ്രവിക്കൽമനസ്സിലാക്കൽ തുറന്നു സംസാരിക്കാൻ എവരെയും പ്രോത്സാഹിപ്പിക്കുകയും ധൈര്യപ്പെടുത്തുക യും ചെയ്യുന്നു
- വിചിന്തനം( നിശബ്ദത)
- ചർച്ചയും വിലയിരുത്തലും

- വിവേചിച്ചറിയാൻ പ്രശ്നങ്ങളും സാധ്യതകളും പരിഹരിക്കാൻ പരിശുദ്ധാത്മാവ് കാണിക്കുന്ന വഴികളെ വിവേചിച്ച് അറിയുന്നു
- തീരുമാനമെടുക്കൽ
- ഉത്തരവാദിത്വം ഏൽപ്പിക്കൽ
- കൃതജ്ഞത പ്രകാശിപ്പി ക്കൽ
- ആഘോഷം

**അടിസ്ഥാനപരമായ ചോദ്യം**

സുവിശേഷം പ്രഘോഷിക്കുന്നതിൽ ഒരു സിനഡാത്മക സഭ ഒരുമിച്ച് യാത്ര ചെയ്യുന്നു .നിങ്ങളുടെ കൂട്ടായ്മയിൽ ഈ ഒരുമിച്ചുള്ള മുന്നേറ്റം എങ്ങനെ നടക്കുന്നു ?അതിൽ വളരാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്യാനാണ് പരിശുദ്ധാത്മാവ് നിങ്ങളെ പ്രചോദിപ്പിക്കുന്നത്?

എങ്ങനെശ്രവിക്കണം

ചെവികൊണ്ട്കേട്ടാൽമാത്രം പോരാ മനസ്സു കൊണ്ട്മനസിലാക്കിയാൽമാത്രം പോരാഹൃദയംകൊണ്ട്ഗ്രഹിക്കാനും ശ്രദ്ധിക്കണം.അഭിപ്രായവും ആശയവും അറിവുംമാത്രമല്ലസ്നേഹവും കരുതലും പങ്കുവയ്ക്കണം. കണ്ണിൽനോക്കി ആധരംകൊണ്ട്സംസാരിച്ചുഹൃദയംകൊണ്ട്ശ്രവിക്കുമ്പോൾഅന്തരീകരഹസ്യംവെളിപ്പെടുന്നു.,സ്വപ്നംരൂപപ്പെടുന്നു.അത്ദൈവത്തിന്റെപ്രതീക്ഷക്കൊത്തതീരുമാനത്തിലേക്കും സ്വപ്നസാക്ഷത്കാരത്തിലേക്കും (ദൈവരാജ്യ ) നയിക്കു ന്നു

<u>ശ്രവിക്കുന്നതിൽശ്രദ്ധിക്കേണ്ടകാര്യങ്ങൾ</u>

വിധിക്കാനല്ല, കുറ്റംകണ്ടെത്താനല്ല, തോൽപ്പിക്കാനല്ല, വിമര്ശിക്കാനല്ല, കൊച്ചാക്കാനല്ല, സ്വന്തംആശയംഅടിച്ചേൽപ്പിക്കാനല്ല,മനസിലാക്കാൻ, ഉള്ളറിയാൻ, കരുതാൻ, സ്നേഹിക്കാൻ, ശുശ്രൂഷിക്കാൻശ്രവിക്കണം, മുൻവിധിയിന്നുമില്ലാതെ ഹൃദയത്തിന്റെഏകഗ്രതയോടെമനസിന്റെ സർവ്വശ്രദ്ധയോടുംകൂടെ!

**ആരെയെ ല്ലാം ശ്രവി ക്കണം**

**ദൈവത്തെ**:

- പരിശുദ്ധാത്മാവിനെ
- വചനത്തെ,
- സഭാപ്രബോധനങ്ങളെ,
- പാരമ്പര്യങ്ങളെ
- കാലത്തിന്റെ ചുവരെഴുത്തുകളെ,
- ജീവിതാനുഭവങ്ങളെ

**മനുഷ്യരെ**

- ജീവിതപങ്കാളിയെ
- മക്കളെ
- മാതാപിതാക്കളെ
- വയോജനങ്ങളെ
- അവഗണിക്കപ്പെട്ട വരെ
- സ്ത്രീകളെ
- രോഗികൾ, പാവപ്പെട്ടവർ, തള്ളപ്പെട്ടവർ തുടങ്ങിയവരെ

**മറ്റുള്ളവരെ**

- മറ്റു സഭകളിൽ പെട്ടവരെ
- മറ്റു മതങ്ങളിൽ പെട്ടവരെ
- മറ്റു സ്ഥലങ്ങളിൽ പെട്ടവരെ
- അഭയാർത്ഥികളെ
- വിശ്വാസത്തിൽ നിന്ന് വ്യതിചലിച്ച് വരെ
- കൂട്ടായ്മയിൽനിന്ന് മാറ്റപ്പെട്ട വരെ

❖ തടസ്സങ്ങളെയും പ്രശ്നങ്ങളെയും പ്രതിസന്ധികളെയും വിവേചിച്ചറിഞ്ഞ് പരിഹരിക്കണം

❖ സ്വപ്നങ്ങളെയും സാധ്യതകളെയും അവ സാക്ഷാത്കരിക്കാൻ നൽകപ്പെട്ട കഴിവുകളെയും സി ദ്ധി കളെയും സമയത്തെയും വിവേചിച്ചറിഞ്ഞ് ഏറ്റവും നന്നായി ഉപയോഗപ്പെടുത്താൻ പ്രവർത്തന പദ്ധതി തയ്യാറാക്കുക

❖ നേതാക്കളെയും സാഹചര്യങ്ങളെയും പരിശീലകരെയും തിരിച്ചറിഞ്ഞ് നല്ല പരിശീലനം നൽകുക

**പരിശീലനം**

സമൂഹത്തിന് ആകമാനം സിനഡിനെയും അതിന്റെ ആവശ്യകതയെയും പ്രക്രിയയെയും പ്രതീക്ഷിക്കുന്ന ഫലത്തെയും പറ്റി അവബോധമേകുക ഓരോന്നും സാക്ഷാത്കരിക്കാൻ തുടങ്ങാനും തുടരാനും പൂർത്തീകരിക്കാനും പരിശീലനം നൽകുക

**(a)കുടുബ സിനഡ്**

1. പങ്കെടുക്കേണ്ടവർ:കുടുംബത്തിലെഎല്ലാഅംഗങ്ങളും;കുട്ടികളും,മുതിർന്നവരും ,വയോജനങ്ങളും,പഠിക്കുന്നവരും,ജോലിചെയ്യുന്നവരുംജോലികാത്തിരിക്കുന്ന വരും,രോഗികളുംആരോഗ്യമുള്ളവരും,അടുത്തിരിക്കുന്നവരും അകന്നിരിക്കുന്നവരും ,സ്നേഹത്തിൽ കഴിയുന്നവരും വിരോധത്തിൽ കഴിയുന്നവരും
2. നേതൃത്വമേകേണ്ടവർ:കുടുംബനാഥനും,കുടുബനാഥയും
3. പ്രചോദനവും സഹായവും ഏകേണ്ടവർ :വികാരിയച്ചൻ ,കുടുംബ കൂട്ടായ്മ ലീഡേഴ്സ് ,സന്യസ്തർ ,മതാദ്ധ്യാപകർ ,സംഘടനാ ഭാരവാഹികൾ .

**(b)BCC സിനഡ്**

1. പങ്കെടുക്കേണ്ടവർ: കുടുബ കൂട്ടായ്മയിലെ എല്ലാ കുടുംബാംഗങ്ങളും
2. നേതൃത്വമേകേണ്ടവർ: BCC യുടെ ഒൻപതു അംഗ നേതൃത്വം
3. പ്രചോദനവും സഹായവും ഏകേണ്ടവർ: വികാരിയച്ചൻ, സന്യസ്തർ, സംഘടനാ ഭാരവാഹികൾ , ഇടവക സമിതി അംഗങ്ങൾ

**(c) ഇടവക സിനഡ്**

1. പങ്കെടുക്കേണ്ടവർ: ഇടവകയിലെ എല്ലാ അംഗങ്ങളും വിശേഷിച്ച് കുടുംബ നായകർ ,മതബോധനാധ്യാപകർ ,സംഘടനാ പ്രതിനിധികൾ, സമൂഹ സ്ഥാപന പ്രതിനിധികൾ
2. നേതൃത്വമേകേണ്ടവർ: വികാരിയച്ചൻ, കോൺടാക്ട് പേർസണൽ ,ഇടവക സമിതിഅംഗങ്ങൾ ,സംഘടന ഭാരവാഹികൾ
3. പ്രചോദനവും സഹായവും ഏകേണ്ടവർ: സന്യസ്തർ ,മതാദ്ധ്യാപകർ

**(d) ഫെറോന സിനഡ്**

1. പങ്കെടുക്കേണ്ടവർ: ഫെറോനയിലെ വിശ്വസികൾ ,പ്രത്യേകിച്ച് ഓരോ ഇടവകയിലെയും വികാരിയാച്ചന്മാരും സഹ വൈദികരും ,സന്യസ്തരും,ഇടവകസമിതിയംഗങ്ങളും,സംഘടനാഭാരവാഹികളും,കപ്യാർ മാരുടെയും അൾത്താര ശുശ്രൂഷകരുടെയും മതാധ്യാപകരുടെയും പ്രതിനിധികളും.
2. നേതൃത്വമേകേണ്ടവർ: ഫെറോന വികാരി,സിനഡ് കോണ്ടാക്ട് പേഴ്സൺ,സിനഡിന് ഫെറോനയിൽ രൂപപ്പെടുത്തിയ നേതൃത സംഘവും
3. പ്രചോദനവും സഹായവും ഏകേണ്ടവർ: രൂപത സിനഡൽ കോൺടാക്ട് പേഴ്സണും,രൂപത ടീമും

**(e) രൂപത സിനഡ്**

1. നേതൃത്വമേകേണ്ടവർ:
അഭിവന്ദ്യ പിതാവ് ,വികാര ജനറൽ ,ശുശ്രൂഷ കോർഡിനേറ്റർ ,സിനഡ് കോൻ ടാക്ട് പേർസൻ സ്,അഭിവന്ദ്യ പിതാവിന്റെ സെക്രട്ടറി

2 പങ്കെടുക്കേണ്ടവർ: ഫെറോന വികാരിമാർ, സിനഡിൽ കോൺടാക്ട് പേഴ്സൺസ്,ഫെറോന സെക്രട്ടറി ,ഓരോ ഫെറോനയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട സിനഡ് സമിതി, സംഘടനാ പ്രതിനിധികൾ,സന്യസ്തപ്രതിനിധികൾ,സ്ഥാപനപ്രതിനിധികൾ,മതാധ്യാപക പ്രതിനിധികൾ,ഇടവക സമിതി സെക്രട്ടറിമാർ,കുരിയായിലെ രൂപത ഭാരവാഹികൾ(വികാർ ജനറൽ, ശുശ്രൂഷ കോർഡിനേറ്റർ ,കത്തീഡ്രൽ റെക്ടർ ,vsss ഡയറക്ടർമാർ ,കോർപ്പറേറ്റ് മാനേജർ , പ്രൊക്യൂറേറ്റർ സെമിനാരി റെക്ടർമാർ ..)

**വിജയപുരം രൂപതയിൽ നടത്തപ്പെടേണ്ട സിനഡുകൾ**

(a) കുടുബ സിനഡ് -2022 ജനുവരി

(b) BCC സിനഡ് - 2022 ഫെബ്രുവരി

(c) ഇടവക സിനഡ് -2022 മാർച്ച്

(d) ഫെറോന സിനഡ് -2022 ഏപ്രിൽ

(e) രൂപത സിനഡ് -2022 മെയ്